# LEZEN-21

## E-Magazine



ANVARUL ISLAM WOMEN'S ARABIC COLLEGE, MONGAM
AIWAC LIBRARY

Publishers

**Aiwac Library**

Advisor

**Mrs Sareena K T (Librarian)**

Magazine Editor

**Fathima Fahmi**

Sub Editor

**Shadiya Ashraf**

Creative Director

**Jabeera**


اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ 🌼 خَلَقَ الْإِنْسَانَ مِنْ عَلَقٍ 🌼 اقْرَأْ وَرَبُّكَ
الْأَكْرَمُ 🌼 الَّذِي عَلَّمَ بِالْقَلَمِ 🌼 عَلَّمَ الْإِنْسَانَ مَا لَمْ يَعْلَمْ 🌼

മോങ്ങം അൻവാറുൽ ഇസ്ലാം വനിതാ
അറബിക്കോളേജിന്റെ ലൈബ്രറി
*2021 -2022* പുറത്തിറക്കുന്ന *"LEZEN "*
എന്ന *E* – മാഗസിന്  വിജയാശംസകൾ .

ഉന്നതിയിലേക്ക് ഉയരാൻ തലയുയർത്തി
നിൽക്കുന്ന അൻവാർ, എല്ലാ കാലത്തും
യശസ്സ് ഉയർത്തിക്കൊണ്ടിരിക്കും.
വായനയിലൂടെ വിദ്യാർത്ഥികളുടെ
സർഗാത്മകമായ കഴിവുകളെ
പ്രോത്സാഹിപ്പിക്കാൻ ഈ മാഗസിൻ
സഹായിക്കട്ടെ.

മഹാമാരിയുടെ ഈ കാലഘട്ടത്തിൽ
പിറവികൊണ്ട *E* -മാഗസിനും അതിന്റെ
പിന്നണി പ്രവർത്തകർക്കും
അഭിനന്ദനങ്ങളും ആശംസകളും
അർപ്പിക്കുന്നു .

***Dr. Jubailiya P***
***Principal***

മോങ്ങം അൻവാറുൽ ഇസ്ലാം
വിമൻസ് അറബിക്കോളേജ്
വിദ്യാർത്ഥിനികൾ പുറത്തിറക്കുന്ന
കോവിഡ് കാലത്തെ മാഗസിൻ
മനസ്സിൽ എന്നും സൂക്ഷിച്ചു വെക്കാവുന്ന
മഹത്തായ സൃഷ്ടിയാക്കാൻ യത്നിക്കുന്ന
മുഴുവൻ പേർക്കും എന്റെ അഭിനന്ദനങ്ങൾ.

പ്രതീക്ഷകളോടെ
ഡോ: റംലത്ത് പോക്കുട്ടിഹാജിന്റെകം

*Dr. Ramlath P*

*Former Principal*

കാലിക ലോകത്തിന്റെ കലുഷിതകളിൽ നിന്നകന്ന് നശിക്കുന്ന നാടിന്റെ വേദനയിൽ മനംനൊന്ത് പ്രതികരണശേഷി ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു പറ്റം വിദ്യാർഥിനികളുടെ ഉപഹാരമാണ് ഈ കടലാസുകൾ.

തന്റെ ചുറ്റുപാടിനെയും, ജീവിതത്തെയും പുതിയ ആശയങ്ങളും ചിന്തകളും കണ്ടുപിടുത്തങ്ങളും നടത്തി സ്വയം  നവീകരിക്കാനുള്ള സവിശേഷ കഴിവായ സർഗാത്മകത മനുഷ്യനു മാത്രം അവകാശപ്പെട്ടതാണ്. വായിക്കുകയും അറിവ് നേടുകയും അതുവഴി തിരിച്ചറിയുകയും വേണമെന്ന് അനുനിമിഷം നാം അറിഞ്ഞുകൊണ്ടിരിക്കുകയാണ്.

മുഖ്യധാര വിദ്യാഭ്യാസത്തിൽ നിന്നകന്നവരെ പോലും വായനയുടെ ലോകത്തിനു മുന്നിലേക്ക് തുറന്നു പിടിച്ച കണ്ണാടിയാണ് ഓരോ മാഗസിനും. വായന മരിക്കുന്നു എന്ന മുറവിളികൾക്കിടയിലും വായനയെ പ്രണയിക്കുന്ന അനുവാചകസമക്ഷം സമർപ്പിക്കുന്നു. വായനയുടെ നിത്യവസന്തം ആശിച്ചു കൊണ്ട് ഐവ കോളേജിലെ പൂമൊട്ടുകൾ വായനാദിനത്തിൽ അവതരിപ്പിച്ച പരിപാടികൾ കോർത്തിണക്കിയ ഈ മാഗസിന് എല്ലാവിധ  ആശംസകളും.

*Sareena K T*
***( Librarian )***

# MAGAZINE TEAM



**Mrs. Sareena K T**
*(Magazine Advisor)*



**Fathima Fahmi**
*(Magazine Editor)*



**Shadiya Ashraf**
*(Magazine Sub Editor)*



**Jabeera**
*( Creative Director)*

# Editorial

ഇതൊരു വ്യത്യസ്ഥ തിരിച്ചുവരവാണ്....
ഇതിലൊരോ സൃഷ്ടികൾക്കും പുതുമയുണ്ട് ......
ഓരോ വരികൾക്കും മാസ്മരികതയുണ്ട്......
പുതിയ ചുവടുകളുമായി അകലങ്ങൾക്ക്
അടുപ്പംകൂട്ടി ഞങ്ങളൊരു യാത്ര
തുടങ്ങുകയാണ്.

ഒരുമിച്ചിരുന്ന നമ്മളെ അകറ്റിയ കൊറോണ
അറിഞ്ഞു കാണില്ല പരസ്പരം നമ്മൾ
കൈമാറിയവാക്കുകളുടെ ശക്തിയെ.....

ഈ കൊറോണ പ്രതിസന്ധിയിലും തന്റെ
ചിന്തകൾക്ക് നിറം പകരാൻ മറന്നില്ല
അൻവാറിലെ പൂമൊട്ടുകൾ.....

ഓരോ വായനക്കാർക്കും പുതുമയേറിയ
അനുഭവമായിരിക്കും ഈ താളുകൾ....


LEZEN-21
E-Magazine
ANVARUL ISLAM WOMEN'S ARABIC COLLEGE MONGAM
AIWAC LIBRARY


AYAMU HAJI NAGAR


Stay Safe
Save Lives

# أيام كوويد للإعتبار

لا يزال العالم يعاني من مضرات فيروس كورونا الذي انتشر من مدينة وهان بصين منذ ديسمبر عام 2019 م. كانت أيام المرض دروسا مفيدة لنا التى تغيرت بها حياة الناس تماما.

وأصبح عام 2020 عام الوفيات، الذي لا يقدر حياة الإنسان أي تقدير.حتى مات منا 20 لكح إنسانا بهذا المرض.

بدأ يرتفع انتشار فيروس كورونا وعدد الموتى في البلاد.وكم من إنسان يتوسلون للهواء النقي.وبالاختصار، هبط الفقراء والأغنياء في براثن الفقر والفاقة.

إذا نظرنا إلى مبادئ الإسلام نرى أن أحكامه الإجتماعية كلها تغلب على المشاكل والقضايا في العصور كلها.

حبيبة بنت شمس الدين

(المرحلة الابتدائية ( السنة الثانية) لأفضل العلماء)


AIWA COLLEGE LIBRARY
MONGAM
conducting a
Virtual Quiz Competition
about Covid-19 Awareness
on
Reading Day
June - 19- 2021

السلام عليكم ورحمة الله وبركاته

പ്രിയപ്പെട്ട സഹപ്രവർത്തകരെ വിദ്യാർത്ഥിനികളെ,

**2021** ജൂൺ **19** (ശനി) വായന ദിനത്തിൽ കോളേജ് ലൈബ്രറി

***Covid 19 Awareness Virtual Quiz Competition*** നടത്താൻ

ഉദ്ദേശിക്കുന്നു.



## നിബന്ധനകൾ:

* ***Quiz*** അൻവാറിലെ വിദ്യാർത്ഥിനികൾക്കും ***staff*** അംഗങ്ങൾക്കും മാത്രം.

* രാവിലെ ***10:00 am*** മുതൽ രാത്രി ***10:00 pm*** വരെ ***Quiz*** ൽ പങ്കെടുക്കാം.

* കുറഞ്ഞ സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ആദ്യ വിജയിക്ക് സമ്മാനം ഉണ്ടാകുന്നതാണ്.

* ***Quiz*** ൽ എല്ലാ വിദ്യാർത്ഥിനികളും ***staff*** അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.


Photography :
Ayisha Rifa
D2 Afzal ul Ulama
The journey of a lifetime
Starts with the turning of a page...

# AIWA COLLEGE MONGAM

## AIWAC Library

Reading Day Virtual Quiz Competition

# Winners

**Fathima Shifna V**

(BA A/U Second Sem)

**Ajmala Fathima**

(BA FA Sixth Sem)

Congratulations to the winners
& Participants



# تعرف

أنت كتاب........

تقص الهدم والبلاء في سطورك.....

الكتاب الذي يأتي بالعبرة القيمة.

ويا فيروس....

أنت جنيد الله القادر.......

أنت بقدرة الله عجيب.

وأنت الذي غيرت العالم

وقد علمت العبرة بني آدم......

تنفس الفقير والغني سواء.......

احفظو المسئولية الاجتماعية بالإبتعاد عن الأفراد .....

ويا فيروس.....

أنت الذي جعلتنا في القفص

ولكن يخرج الناس منه.......

لكن قفصك كمدرسة لنا تعلمنا منها كثيرا

يا بني آدم ارهبوا .....

ولكن النهاية بأمر الله الخالق ....

وهذا إنذار من الله العزيز.....

_ آمنة . يم

(المرحلة الابتدائية ( السنة الثانية) لأفضل العلماء)








# AIWA COLLEGE LIBRARY

MONGAM

## LEZEN-21

Reading day special

*1 Week special virtual competitions*

21 JUNE- NEWS READING

22 JUNE- PHOTOGRAPHY

23 JUNE- HAIKU

24 JUNE- BOOK REVIEW

25 JUNE- POSTER

26 JUNE- CAPTION WRITING

27 JUNE- NEWS MAKING

..................................................

*Today a reader*

*Tomorrow a Leader!*

ANVARUL ISLAM WOMEN'S
ARABIC COLLEGE,MONGAM

**LEZEN 21**

السلام عليكم ورحمة الله وبركاته

വായനാ വാരവുമായി ബന്ധപ്പെട്ട് കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വിവിധ ഇനം പരിപാടികൾ സംഘടിപ്പിക്കുന്നു.

ഓരോ ദിവസവും പ്രത്യേകം പോസ്റ്ററുകൾ നിങ്ങളിലേക്ക് എത്തുന്നതാണ്....

വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്...

കൂടുതൽ പരിപാടികളിൽ പങ്കെടുക്കുന്ന ഒരാളേയും വിജയി ആയി തിരഞ്ഞെടുക്കും....

നിങ്ങൾക്ക് നൽകുന്ന whatsapp നമ്പറിലേക്ക് രചനകൾ അയക്കേണ്ടതാണ്.

WhatsApp: +91 75610 77947

TIME:10 AM TO 10 PM


You must be the Change
You wish to see
in the World...
Photography :
Safreen PP
D3 Afzal ul Ulama



LEZEN-21
3
1 WEEK SPECIAL VERTUAL COMPETITIONS
AIWA COLLEGE LIBRARY
HAIKU
നാല് വരി കവിത രചന
വിഷയം: വായന
TIME:10 AM TO 10 PM
Whatsapp number: +91 7561077947
Send the entries with your
Name &Class
"A book is a gift you can
Open again and again"
ONLY FOR AIWAC STUDENTS
ANVARUL ISLAM WOMEN'S ARABIC
COLLEGE, MONGAM

# സുഖവായന

ചട്ടകൾക്കുള്ളിലെ അക്ഷരം മങ്ങി,
വിരലറ്റം വാഴുന്ന സ്ക്രീനിൽ തെളിഞ്ഞു.
വായിച്ചറിയുവാൻ സമയമില്ലാത്തോർക്ക്
കഥ കേട്ടറിയുവാനുമുണ്ട് മാർഗ്ഗം!

– മുർഷിദ കളത്തിങ്ങൽ



വാക്കിൻ വിസ്മയമാണ്

വിജ്ഞാനത്തിൻ വിതാനമാണ്,

വായിക്കണം, വളരാനും വിളയാനും

വേദനകൾ വിസ്മൃതിയടയാനും!

Asiya Hamda
MA Afsal ul Ulama




വാനിൽ പറന്നൊരാപ്പൂപ്പൻ താടിയെ
കയ്യെത്തിപിടിച്ചൊരെൻ കുഞ്ഞുകൈകൾ....
മാമ്പഴച്ചാറൂറ്റികുടിച്ച പോലെൻ
തേനൂറും ബാല്യം....
മൊട്ടിട്ട പൂവുപോൽ
വിടർന്നൊരെൻ കൗമാരവും..
ഞാൻ വായിച്ചുതീർത്ത
പുസ്തകത്താളുകളായിരുന്നു.
-Suhana P K
(D2 Afzal ul Ulama)


ഓരോ താളുകളും എണ്ണയാണ്
കണ്ണുകളാൽ തെളിയുന്ന തീയിന്റെ
പ്രകാശം പരക്കട്ടെ... വായിക്കൂ
(D3 Functional Arabic)
_നജ്‌ല


അറിവിന്റെ ചക്രവാളമാകുന്ന
പുസ്തകത്തെ പ്രണയിക്കു....
വായനയുടെ തേജസ് എന്നിൽ ഉണർത്തി
അറിവിൻ സമ്പത്ത് എന്നിൽ നിറച്ച്
ജീവിത വിജയം നേടാനും
എന്നിൽ ഉദിച്ചൊരു സൂര്യൻ
വായന....
Fahida E
P2


No two person ever
read the same Book!
Photography :
Sahada.P
Functional Arabic 2nd year



"അക്ഷരങ്ങളാൽ നമ്മെ തഴുകി

വാക്കുകളാൽ നമ്മെ പുൽകി

പുതുലോകങ്ങളിലേക്കുള്ള  കവാടമായി

വായന എന്ന വഴികാട്ടി "



Husna K

BA Economics 1 st year


വെറുതെ വായിക്കുക
എന്നതിലുപരി
വായിക്കുന്നത്
നല്ലതാവുകയെന്നതാണ്
വായനയിലൂടെ
വിളയുന്നതിനുള്ള
വളയാത്ത വഴി.
_ഫാത്തിമ റിഫ

# READING MY GRACE

A prophet in my life !!!
An angel in my dreams.........
Who sooths my sorrows.
It's humourous invoked my heart.....
And words inspired my thoughts...
The insight which I posses..
Is the golden gift from messenger..
And the tales talk me into glee......




വായന മനുഷ്യനെ പരിപൂർണ്ണമാകുന്നു.
ശരീരത്തിന് വ്യായാമം,
മനസ്സിന് വായന.
പുസ്തകം പോലെ
നമ്മെ തിരുത്തുന്ന ചങ്ങാതി ഇല്ല.
വായിച്ചു വളരുക.
ചിന്തിച്ചു വിവേകം നേടുക.
Habeeba O K
P2


മനസ്സിലെ ഏത് കൊടുകാറ്റും
മന്ദമാരുതനാക്കുന്ന
മാന്ത്രിക അനുഭൂതിയാണ്
എനിക്ക് വായന.....
RASILATH.K
MA 2 YEAR


You can never go
wrong with a book .
Because book is like your friend.
- Sithara Jahan P K
P2


നാല് വരി
കവിതക്കുള്ളിലും
ഒരു കഥയുണ്ടെന്ന്
ഞാൻ വായിച്ചറിഞ്ഞു
_Shahma TP
P2

# അക്ഷരച്ചെപ്പ്

പുസ്തകത്താളുകളിൽ ,
അക്ഷര ചെപ്പുകൾ-
മാറിമറിയുന്നു വോ....
വായിക്കുംതോറും അറിവിൻ-
മധുരം ഏറുന്നുവോ....



*(D1 Economics)*

_ഫാത്തിമ ഷഹന എ പി


Put on the attire and
conceal your physique..
Read the books and
conceal your blindness...
Jabeera
P2


അറിവിൻ വാനം തേടും
പറവകൾ നമ്മൾ.....
പുസ്തകമെന്നൊരു
കപ്പൽ കേറീ,
അറിവിന് കടലുകൾ താണ്ടും
യാത്രികരാവാം!!
_Rifa T P
P2

# വായന

വായിക്കാം...
സൃഷ്ടാവിൻ നാമത്തിൽ,
കീഴടക്കാം...
നാഗരികതകളും
അറിവിൻ മഹാസമുദ്രവും

• റന ജാസ്മീൻ
(D3 Afzal ul Ulama)

. . . . .


A book is a dream
that you hold
in your hand.....
Photography :
Rana Jasmin
BA A/U 3 year


എന്നിലെ എന്നെ
കണ്ടെത്തുകയാണെൻ ലക്ഷ്യം.....
എന്നിലെ എന്നെ
കരുത്തുറ്റതാക്കുകയാണെൻ ലക്ഷ്യം........
താളുകളാം വാഹനത്തിൽ ചേക്കേറി-
അത്ഭുതങ്ങളറിവുകൾ തേടി
തുടർന്നു ഞാനെൻ യാത്ര.......
_നിഷ്മ .എം
D2 Functional Arabic


വായന
"വിജ്ഞാനദാഹം ശമിപ്പിച്ചീടുവാൻ-
വായനതൻ കുടിനീർ കുടിച്ചീടുക നീ,
അറിവിന്റെ സാഗരം നീന്തിക്കടക്കുവാൻ-
വായനയാകും തോണി തുഴയുക,
കടലിന്നഗാതതയിലന്ധകാരം പോൽ-
അജ്ഞത മാറിടാൻ വായിച്ചീടുക,
വാന ലോകത്തിൻ വരദാനമായ-
വേദഗ്രന്ഥത്തിൻ വെളിപാടിതല്ലേ..."


ഇഷ്ട്ടം പോലെ വായിക്കാം
ഇഷ്ടമുള്ളത് വായിക്കാം
ഇഷ്ടപ്പെട്ടാലും ഇല്ലങ്കിലും
അറിവുകൾ അനവധി നേടാം
_നജ അസ്‌ലം
P2


വായിച്ചു വളരുക
ചിന്തിച്ച് വിവേകം നേടുക
വായിച്ചു തീർത്ത
ഓരോ പുസ്തകങ്ങളും
ജീവിതത്തിൻെറ പുതിയ
അധ്യായങ്ങളായിരുന്നു.
Shahana Sharin K
P2











**"THE BEST TEACHERS TEACH FROM THE HEART,NOT FROM THE BOOKS"**

# RETIRING FROM SERVICE

## BELOVED, OUR PRINCIPAL

WISH YOU PEACE , HAPPINESS AND MORE PROFESSIONAL SUCCESS IN THE YEAR TO COME

Anvarul Islam Women's
Arabic College-Mongam


LEZEN-21
4
1 WEEK SPECIAL VERTUAL COMPETITIONS
AIWA COLLEGE LIBRARY
BOOK REVIEW
നിങ്ങളെ സ്വാധീനിച്ച ഒരു മലയാള
സാഹിത്യ കൃതിയുടെ ആസ്വാദനകുറിപ്പ്
ഒരു പേജിൽ കവിയാതെ എഴുതുക
TIME:10 AM TO 10 PM
Whatsapp number: +91 7561077947
Send the entries with your
Name &Class
"A reader lives a thousand
lives before he dies"
ONLY FOR AIWAC STUDENTS
ANVARUL ISLAM WOMEN'S ARABIC
COLLEGE, MONGAM

# THE ZAHIR

## - Paulo Coelho -

In this novel Paulo Coelho is pictorising the love between two principle characters ,the couples-afamous author and his wife, Esther. And she was the the one and only secret of his famousity andpopularity and she was all for him and he loved her eternally.

Unfortunately in a morning Esther got missed. And the novel is all about his journey to find her. He searched for his love where ever he could...he got messed up with his whole Universe... and finally he found her by carrying some ones baby in her womb..! and the interesting part is that he eccepted the baby as his, with no more deal...

This novel is shedding light to the purity of love....

-Jabeera
P2



# മഞ്ഞ്

## ഒരു കാത്തിരിപ്പ്

**1964** ൽ പ്രസിദ്ധീകരിക്കപ്പെട്ട എം ടി വാസുദേവൻ നായരുടെ പ്രസിദ്ധമായ നോവൽ ആണ് മഞ്ഞ്. മലയാള മനസിനെ കാത്തിരിക്കാൻ പ്രേരിപ്പിച്ച മനസ്സിൽ പ്രണയത്തിന്റെ മഞ്ഞ് പെയ്യിച്ച മനോഹരമായ കവിതയായിരുന്നു ഈ നോവൽ.

വളരെ കുറച്ച് കഥ പാത്രങ്ങളും സംഭാഷണകലകളും കൊണ്ട് എന്നെ വിസ്മയിപ്പിച്ച "മഞ്ഞ്" നൈനിറ്റാൾ എന്ന ടൂറിസ്റ്റ് താഴ്‌വരയിൽ ബോർഡിങ് ടീച്ചർ ആയ വിമലയുടെ പ്രണയകഥ പറയുന്നു. താൻ സ്നേഹിച്ച, തന്നെ കാമിച്ച, സുധീർ കുമാർ മിശ്ര എന്ന പൂച്ചക്കണ്ണനെ ഒൻപത് വർഷത്തിലധികം കാത്തിരിക്കുന്ന അനശ്വര പ്രണയ നായിക.



ഒരിക്കലും കണ്ടിട്ടില്ലാത്ത അച്ഛനെ കാത്തിരിക്കുന്ന ബുദ്ധുവും, പ്രായത്തെവകവെക്കാതെ ധോര സിങ്ങും എല്ലാം മറ്റ് കഥാപാത്രങ്ങളാണ്.

ഒരു വശത്തു വ്യക്തികൾ കാത്തിരിക്കുമ്പോൾ, മറുവശത്തു മഞ്ഞുകാലത് വേനലിൻ വേണ്ടിയും, വേനലിൽ മഞ്ഞുകാലത്തിന് വേണ്ടിയും കാത്തിരിക്കുന്ന (ഒപ്പം ടൂറിസ്റ്റ്കൾ ക്കു വേണ്ടിയും) നൈനിറ്റാൾ താഴ്‌വര ഇതിലെ പ്രധാന കഥാപാത്രമായി തോന്നി മഞ്ഞുകാലത്തിന്റെ മടുപ്പിക്കുന്ന ഏകാന്തതയേ മറികടക്കാൻ ടീച്ചർ ശ്രമിക്കുമ്പോഴും അവരുടെ മിഴികളിലൂടെ നൈനിറ്റാളിന്റെ ദൃശ്യ ചാരുത ആസ്വദിക്കാൻ എനിക്ക് കഴിഞ്ഞു.

എന്നെ സംബന്ധിച്ച് ഇത് *sad* എൻഡിങ് ആണോ ഹാപ്പി എൻഡിങ് ആണെന്നോ പറയാനാവില്ല. ഈ നോവൽ കാത്തിരിപ്പിന്റെ നോവും സന്തോഷവും എന്നിൽ തൊട്ടുണർത്തി വരികളിലും പശ്ചാത്തലത്തിലും കാവ്യാത്മകത തുളുമ്പുന്ന ഈ നോവൽ വളരെ മികച്ചതാണ്.

കാത്തിരിപ്പിന്റെ സുഖം ഇത്രയും ഭാവനാത്മകവും സുഖകരവുമായ രീതിയിൽ അവതരിപ്പിച്ച മറ്റൊരു കൃതിയുണ്ടോ? കാത്തിരിപ്പിന്റെ സംഗീതമാണ് മഞ്ഞ്, പ്രതീക്ഷ നിർഭരമായ കാത്തിരിപ്പുകൾക്ക് ജീവിതത്തിൽ സൗന്ദര്യമുണ്ടെന്ന് പഠിപ്പിച്ച പുസ്തകം.



_Rasilath K

PG

# ഓടയിൽ നിന്ന്...

മനുഷ്യത്വ പാഠങ്ങളെ മനോഹരമായി അവതരിച്ച "ഓടയിൽ നിന്ന് "പി.കേശവദേവിന്റെ മികച്ച രചനകളിൽ ഒന്നാണ്.ഇതിലെ നായകകഥാപാത്രം പപ്പു നീതി നിഷേധിക്കപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിബിംബമാണ്. അനീതികൾ അഴിഞ്ഞാടുമീ ലോകത്ത് , മനുഷ്യത്ത്വം മരവിച്ചയീ കാലത്ത് ഈ രചന ഒരുപാട് പ്രാധാന്യമർഹിക്കുന്നു.

അനീതിയും അവഗണനയും വിവേചനവും അഴിഞ്ഞാടുന്ന കലാലയ ജീവിതം ബഹിഷ്കരിച്ച്, നാടും വീടും വിട്ട് പപ്പു പാലായനം ചെയ്യുകയാണ്. പിന്നീട് ലക്ഷ്യങ്ങളൊന്നുമില്ലാതെ ജീവിച്ച റിക്ഷാക്കാരൻ പപ്പു ഒരു പെൺകുട്ടിയുടെ രക്ഷാകർതൃത്വം സ്വയം ഏറ്റെടുത്ത് അനാഥത്വത്തിന്റെ ഏകാന്തതയിൽ നിന്ന് അവളെ കൈ പിടിച്ചുയർത്തുന്നത് കാണാം.

തന്റെ അവശതകൾ മറച്ചുവെച്ച് സഹനം പേറുന്ന പപ്പു തന്നെതന്നെ മനുഷ്യത്വത്തിന് സമർപ്പിക്കുകയാണ്. പപ്പു ഓടയിൽ നിന്നും പെറുക്കിയെടുത്ത് ഒരു നല്ല ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്തിയ ആ പെൺകുട്ടിക്കും അവളുടെ അമ്മക്കും പിന്നീട് പപ്പുവിന്റെ സാമീപ്യവും,

തൊഴിലും, നിറവും, മണവുമെല്ലാം അസ്വസ്ഥമായി മാറുന്നു. അമ്മാവനെന്ന പദവിയിൽ നിന്നും അവഗണനയുടെ ഓടയിലേക്ക് പപ്പു നിഷ്കരുണം വലിച്ചെറിയപ്പെടുന്നു . മെയ്യുരുകി മനമുരുകി വളർത്തിയവർക്ക് തന്റെ ചുമ പോലും അസ്വസ്ഥമാണെന്ന് തിരിച്ചറിഞ്ഞ പപ്പു വീട് വിട്ടിറങ്ങുന്നു. ”അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കുമോ? ”എന്ന ആ പെൺകുട്ടിയുടെ അമ്മയുടെ ചോദ്യത്തിൽ തെളിഞ്ഞു കാണുന്നത് പാൽ കൊടുത്ത കൈക്ക് തിരിഞ്ഞു കൊത്തുന്ന മനുഷ്യന്റെ സ്വഭാവമാണ്. അവസാനം അനീതിയും സ്വാർത്ഥതയും അവഗണനയും നിറഞ്ഞു നിൽക്കുന്ന ഈ ലോകത്തിന് കാരുണ്യത്തിന്റെയും മനുഷ്യത്ത്വത്തിന്റെയും ഒരായിരം പാഠങ്ങൾ പകർന്നു കൊണ്ട് പപ്പു തന്റെ നിസ്വാർത്ഥ ജീവിതത്തിൽ നിന്നും പടിയിറങ്ങുന്നു.

_ആസിയ ഹംദ

*MA Afzal ul Ulama*



# പാത്തുമ്മയുടെ ആട്

വൈക്കം മുഹമ്മദ് ബഷീർ

അധിക  സാഹിത്യകൃതികൾ വായിച്ചിട്ടില്ലെങ്കിലും ചിലത് വായിച്ചിട്ടുണ്ട്. അതിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു  ബഷീർ സാറിന്റെ പാത്തുമ്മയുടെ  ആട്. ആ കഥ വായിച്ചാൽ തന്നെ അറിയാം എത്രത്തോളം നമ്മൾ ഓരോരുത്തരുടേയും മനസ്സിന്റെ അടിത്തട്ടിൽ പതിഞ്ഞിട്ടുണ്ടെന്ന്.അതുപോലെ തന്നെ ആയിരുന്നു എനിക്കും, ആ സാഹിത്യം എന്റെ മനസ്സിൽ പതിഞ്ഞതത്.

# അഗ്നിസാക്ഷി

**-ലളിതാംബിക അന്തർജ്ജനം**

മലയാള സാഹിത്യത്തിലെ ഏറ്റവും പ്രസിദ്ധമായ ഈ നോവൽ 1976 ൽ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ചു. നോവലിന് പ്രശസ്ത കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും (1977) കേരള സാഹിത്യ അക്കാദമി (1977) അവാർഡും ലഭിച്ചു. ഓടക്കുഴൽ സമ്മാനം (1977), ആദ്യത്തെ വയലാർ അവാർഡ് (1977) എന്നിവയും ഇതിന് ലഭിച്ചു. നിരവധി ചെറുകഥകളും കവിതകളും രചിച്ച ലളിതാമ്പിക അന്തർജനത്തിന്റെ ഏകനോവലാണിത്.അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ഒരു സ്ത്രീജീവിതത്തിന്റെ കഥ. ഒരു സമുദായത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ചരിത്രവും സംസ്കാരവും ആജീവിതത്തിന്റെ ഹോമാഗ്നിയാക്കിക്കൊണ്ട് ലളിതാംബിക അന്തർജനം അതുവരെയുള്ള ആഖ്യാനങ്ങളിൽ നിന്നും വേറിട്ട ഒരു നോവൽ പാത സൃഷ്ടിക്കുന്നു. രക്തം മുലപ്പാലാക്കുന്ന സ്ത്രൈണ ചേതനയുടെ എക്കാലത്തെയും മികച്ച ഈ സർഗാവിഷ്കാരം പ്രസിദ്ധീകരിക്കപ്പെട്ട കാലം മുതൽ ഇന്നു വരെ ആസ്വാദകരുടെ ഏറ്റവും ഇഷ്ടപ്പെട്ട കൃതികളിലൊന്നായി നിലനിൽക്കുന്നു. തേതിക്കുട്ടി ഭർത്താവായ ഉണ്ണി നമ്പൂതിരി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. വളരെ യാഥാസ്ഥിതിക കുടുംബത്തെ വിവാഹം കഴിക്കുമ്പോൾ പുരോഗമനപരമായ ഒരു നമ്പൂതിരി സ്ത്രീയുടെ പോരാട്ടങ്ങളെ നോവൽ വിവരിക്കുന്നു.തേതികുട്ടിയുടെ സ്വാതന്ത്ര്യ പ്രഖ്യാപനവും,തേതിയുടെ ഭർത്താവായ ഉണ്ണിയേട്ടന്റെ പകരം ഇല്ലാത്ത സ്നേഹവും തന്നെയാണീ ഈ നോവൽ.

പുതിയ തലമുറയോട് ഇതാണ് പറയാനുള്ളത്...ഇന്നത്തെ കാലത്ത് ഒന്നിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നവർ വിവാഹം എന്ന തലത്തിലുള്ളവർ ആണെങ്കിലും അതില്ലാതെ ഒന്നിച്ചു ജീവിക്കുന്നവരാണെങ്കിലും ഒന്നിച്ചിരുന്ന് അഗ്നിസാക്ഷി വായിച്ചാൽ നന്നായിരിക്കും .



_Fahida E

P2


That's the thing about books...
They let you travel without
moving your feet.
Photography :
Shahana Sharin.K (P2)

# വാർദ്ധക്യത്തിന്റെ നിലവിളി

_ശ്രീധരൻ പള്ളിക്കാട്

വാർദ്ധക്യത്തിന്റെ നിലവിളി, വൃദ്ധന്മാരുടെ ദയനീയാവസ്ഥ മാത്രമല്ല അവരുടെ പ്രതീക്ഷ കൂടിയാണ്  അവരിൽ നിന്ന് ഉയരുന്നത് വിലാപങ്ങളല്ല, ഒരു നേർത്ത തേങ്ങലാണ്, അതിൽ ജീവിതത്തിന്റെ മുഴുവൻ അനുഭവങ്ങളും നിറഞ്ഞിരിക്കുന്നു, ഈ സമാഹാരത്തിലെ കഥകൾ വ്യത്യസ്തവും വൈവിധ്യ വീക്ഷണവുമുള്ളതാണ്, മലയാള സാഹിത്യത്തിലെ അവഗണിക്കാനാവാത്ത കഥകളാണ് ശ്രീധരൻ പള്ളിക്കാടിന്റേത്.

_Suhana P K

D2 Afzal ul Ulama



# പ്ലാവിലകഞ്ഞി

## തകഴി ശിവശങ്കരപ്പിള്ള

പ്രശസ്ത നോവലിസ്റ്റ് തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി ' എന്ന നോവലിലെ വളരെ രസകരമായ അതിലേറെ എല്ലാവരെയും സ്വാധീനിച്ച ഒരു ഭാഗമാണ് പ്ലാവിലകഞ്ഞി. കഥയിലെ കേന്ദ്ര കഥ പാത്രമാണ് കോരാനും ചിരുതയും.

കോരന്റെയും ചിരിതയുടെയും വിവാഹം നടന്നു, വിവാഹ ദിവസങ്ങളിലുണ്ടായ ചില തർക്കങ്ങളിൽ കോരൻ തന്റെ സ്വന്തം വീട് ഉപേക്ഷിക്കേണ്ടി വന്നു. തന്റെ സുഹൃത്തായ കുഞ്ഞാപ്പയുടെ കുടിലിനോട് ചേർന്ന് ഒരു ഭാഗം മറച്ചു കെട്ടി താമസിക്കുകയാണവർ.

പുഷ്പവേലിയിൽ ഔസേപ്പ് മുതലാളിയുടെ പാടത്തു പണിയെടുക്കേണ്ടി വന്ന കോരൻ വളരെയധികം കഷ്ടപ്പെടേണ്ടി വന്നു. ഒരു നേരത്തെ ആഹാരത്തിനുള്ള പണമോ നെല്ലോ ലഭിക്കുന്നില്ല. കൊടിയ ദാരിദ്രത്തിലായിരുന്നു അവരുടെ ജീവിതം.

ഇല്ലായ്മയെ സ്നേഹം കൊണ്ട് മറികടന്ന സ്നേഹ ദമ്പതികളാണ് കോരാനും ചിരുതയും. പകലന്തിയോളം പുഷ്പവേലി പാടത്തു പണിയെടുത്ത് ലഭിക്കുന്ന തുച്ഛമായ വേതനം കൊണ്ട് കുടുംബം നോക്കാൻ പാടുപെടുന്ന കോരാനും, പകലുമുഴുവൻ മുഴുപ്പട്ടിണിയിലായിരുന്ന ചിരുതയും, പാതിരാത്രിയിൽ മണ്ണെണ്ണ വിളക്കിന്റെ നാളത്തിൽ ഒരു പാത്രത്തിന്റെ രണ്ടു വശങ്ങളിലായിരുന്ന് കഞ്ഞി കുടിക്കുമ്പോൾ... ആ ദമ്പതികൾ തർക്കത്തിലാണ്, തന്റെ പ്രിയപ്പെട്ടവൻ കുടിക്കാതെ ഞാനും കുടിക്കത്തില്ല, എന്തൊരു ഊഷ്മളമായ സ്നേഹ ബന്ധം.

വളരെ രസകരമായ ഭാഷയിലാണ് എഴുത്തുകാരൻ ഈ സ്നേഹജീവിതത്തെ ചിത്രീകരിക്കുന്നത്, ആ ശൈലി വായനക്കാരെ കൂടുതൽ ആകർഷിക്കുന്നു, ഹൃദയ തലങ്ങളിലേക്ക് ആണ്ടുപതിക്കുന്നതാണ് കഥയിലെ ഓരോ ഭാഗങ്ങളും.

_Fasla Sherin C

(D1 Functional Arabic)



# ആടുജീവിതം

_ബെന്യാമിൻ

ഞാൻ വായിച്ചതിൽ എന്നെ വിസ്മയിപ്പിച്ച മലയാള നോവൽ ആണ് ബെന്യാമിന്റെ ആടുജീവിതം , മധുരമായ ഗദ്യം, അനുഭവ തീവ്രമായ പ്രമേയം, മലയാളിത്തം, എല്ലാം ഒത്തിണങ്ങിയ നോവൽ ആണ് ബെന്യാമിന്റെ ആടുജീവിതം.
മരുഭൂമിയുടെ വിഭ്രാഗമമായ സൗന്ദര്യം, മറു മേഘലത്തിന്റെ സവിശിഷതകൾ ഇതൊന്നും മലയാള നോവലിൽ ഇത്ര ആഴത്തിൽ ഇതിന് മുമ്പ് രേഖപ്പെടുത്തീട്ടില്ല. മലയാള സാഹിത്യത്തിയും ഭാഷയേയും ഈ നോവൽ ഏറെ ഉയരത്തിലെത്തിച്ചിരിക്കുന്നു

# അജഗജാന്തരം

ഒറ്റപ്പാലം എസ് വി വേണുഗോപാൽ

മഞ്ചാടി മനക്കലെ ആനക്കരാണ് നാണുക്കുട്ടിക്ക്
ഒരാശ ഒരേഒരാശ ഒരു ആടിനെ വാങ്ങണം,
സ്റ്റൈലിലാതിനെ മേയ്ച് വിലസണം
ആനക്കൂട്ടിൽ പിറന്ന്, ആനപ്പുറത്തു നടന്ന്,
ആനച്ചുവട്ടിലുറങ്ങി, അങ്ങനെ ആനക്കൊട്ടിയിൽ
വളർന്ന നാണുക്കുട്ടി, വമ്പന്മാരായ പാപ്പാന്മാരുടെ
കുളത്തിലെ അവസാന കണ്ണി.
ഒരുനാൾ പൊടുന്നനെ പൊട്ടിപ്പൊന്തിയതാണീ
മോഹമെങ്കിലും അയാൾ വളരെയധികം ദിനങ്ങൾ
അതിനെ ഒളിച്ച വെച്ചു, പക്ഷെ നാണുക്കുട്ടിയുടെ
കിനാവിലും നിനവിലും ആടിന്റെ അമർത്തിപ്പിടിച്ചു
കരച്ചിൽ പൊങ്ങി, ക്രമേണ അയാൾ
പോലുമറിയാതെ സദാ ആ മോഹത്തെ ഉമ്മ വെച്
ഓമനിക്കാൻ തുടങ്ങി.

# ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

-ബഷീർ

മലയാള സാഹിത്യത്തിൽ ആധുനിക നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമര സേനാനിയുമായ ബേപ്പൂർ സുൽത്താൻ എന്ന അപര നാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ നോവൽ ആണ് ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്ന കൃതി. സ്വന്തം ശൈലിയിൽ രചിച്ച സാഹിത്യത്തിൽ തന്റെതായ ശൈലികൊണ്ട് വന്ന കഥാകൃത്ത്. നിരവധി കൃതികൾ എഴുതിയ ഇദ്ദേഹം **1908** -ൽ കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ കായി അബ്ദുറഹ്മാനിന്റെയും കുഞ്ഞാത്തുമ്മയുടെയും മകനായി ജനിച്ചു. ഭാര്യ ഫാത്തിമ ബഷീർ. കേന്ദ്രസാഹിത്യ അക്കാദമി, വള്ളത്തോൾ പുരസ്കാരം, തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

**1995**-ലാണ് "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്" എന്ന കൃതി പ്രസിദ്ധീകരിച്ചത്. ഒരു സാധാര മനുഷ്യന്റെ സാധാരണ ജീവിതമാണ് ഈ നോവലിൽ. ഈ വെളിച്ചെത്തിനെന്തു വെളിച്ചം എന്ന വിഖ്യാദ പദ പ്രയോഗം ഈ നോവലിലാള്ളത്. മുസ്ലിം സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ഒരു കടന്നാക്രമണമായി ഈ നോവൽ മാറുകയുണ്ടായി.

തങ്ങളുടെ കുറവുകൾ മറയ്കാൻ വേണ്ടി ആളുകൾ തങ്ങളുടെ പോയ കാലത്തെ പ്രതാപത്തെകുറിച്ച് ഊറ്റം കൊള്ളുന്നതിനെ കളിയാക്കാനാണ് ബഷീർ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്ന പേരിലൂടെ ശ്രമിക്കുന്നത്.ആന ഉണ്ടായിരുന്ന തറവാട്ടിലെ കാരണവത്തിയായതിനാൽ പട്ടിണിയാണെങ്കിലും മെതിയടിയിട്ട് തത്ത നടക്കുന്ന ഉമ്മയെ ഈ നോവലിലെ
പ്രധാന കഥാപാത്രമായ മകൾ കുഞ്ഞാത്തുമ്മ അത് "കുയ്യാന"ആയിരുന്നു എന്ന് പറഞ്ഞുപരിഹസിക്കുന്നുണ്ട് .

കുഞ്ഞാത്തുമ്മയും നിസാർ അഹമ്മദിനും ഇടയിൽ ഉണ്ടാകുന്ന നിഷ്കളങ്കമായ പ്രണയം ബഷീർ ഈ നോവലിൽ വിശദീകരിക്കുന്നു.
കുഞ്ഞിത്താച്ചുമ്മ, കുഞ്ഞിപ്പാത്തുമ്മ, അവരുടെ പിതാവ് വട്ടനടിമ.
നിസാർ അഹമ്മദ് അവരുടെ കുടുംബം എന്നിവരാണ പ്രധാന കഥാപാത്രങ്ങൾ .
ഒരു സാധാരണ മുസ്ലിം പെൺകുട്ടിയായ കുഞ്ഞിപ്പാത്തുമ്മ നിഷ്കളങ്കയും നിരക്ഷരയുമായ അവൾ നിസാർ അഹമ്മദ് എന്നു പേരായ വിദ്യാസമ്പന്നരും പുരോഗമനചിന്താഗതിക്കാരനും പട്ടണത്തിൽ വളർന്നവനുമായ ചെറുപ്പക്കാരനുമായി പ്രണയത്തിലാകുന്ന കഥ പറയുന്ന ഈ നോവൽ നിരക്ഷരത അന്ധവിശ്വാസങ്ങൾക്ക് വളക്കൂറുള്ള മണ്ണാണെന്നും ബഷീർ ചൂണ്ടിക്കാണിക്കുന്നു. വിദ്യാഭ്യാസത്തിന്റെയും വായനയുടെയും ആവശ്യകത വായനക്കാരേ ബഷീർ ബോധ്യപ്പെടുത്തുകയും ചെയ്തു.

_ *Nashwa Hassan*
*P2*

# ബാല്യകാലസഖി
# വൈക്കം മുഹമ്മദ് ബഷീർ

മജീദും സുഹറയും അവരുടെ ബാല്യം-പ്രണയം, വിരഹം, വേദന. ഇതൊക്കെയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി. എന്നാൽ ഇത് മാത്രമല്ല, ബാല്യകാലസഖി എന്നതാണ് ഈ ചെറിയ പുസ്തകത്തെ അനന്യമാക്കുന്നത്. നമുക്ക് പരിചിതമല്ലാത്ത ഒരു കാലഘട്ടത്തെ പരിചയപ്പെടുത്തുന്നു എന്ന ഒരു മഹത്തായ ധർമം കൂടി വഹിക്കുന്നുണ്ട് ബാല്യകാലസഖി. കൂടെ മലയാള സാഹിത്യത്തിന് ഏറെയൊന്നും പരിചിതമല്ലാത്ത ഒരു സംസ്കാരവും നമുക്ക് മുന്നിൽ അനാവൃതമാക്കുന്നു.



അവതാരികയിൽ ശരി എം. പി പോൾ പറഞ്ഞത് പോലെ"ബാല്യകാലസഖി ജീവിതത്തിൽ നിന്നും ചീന്തി എടുത്ത ഒരേടാണ്. അതിലെ വാക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു, ജീവിതം ഇപ്പോഴും അങ്ങനെയാണെന്നല്ല, എന്നാൽ ഏറിയ പങ്കും അങ്ങനെയാണ് താനും. ഒരേയൊരു കാര്യം ഈ യാഥാർഥ്യം അംഗീകരിക്കാൻ നമ്മൾ തയ്യാറല്ല എന്നതാണ്.

_Hana Shirin T K

P2





# LEZEN-21

1

1 WEEK SPECIAL VERTUAL COMPETITIONS
**AIWA COLLEGE LIBRARY**



## NEWS READING

ഇന്നത്തെ മലയാളം പത്രത്തിലെ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു വാർത്ത വായിച്ച് താഴെ കൊടുത്ത നമ്പറിലേക്ക് അയക്കുക

മൂന്ന് മിനിറ്റിൽ കവിയരുത്

TIME:10 AM TO 10 PM

Whatsapp number: +91 7561077947

*"A writer only begins a book,
A reader finishes it....."*

ANVARUL ISLAM WOMEN'S ARABIC COLLEGE, MONGAM


Books are very special
For read, write, think and grow
As a yoga for mind
And it awake the brain







LEZEN-21
5
1 WEEK SPECIAL VERTUAL COMPETITIONS
AIWA COLLEGE LIBRARY
E-POSTER
ജൂൺ 26 ലഹരി വിരുദ്ധ ദിനവുമായി
ബന്ധപ്പെട്ട് E-POSTER നിർമ്മിക്കുക
TIME:10 AM TO 10 PM
Whatsapp number: +91 7561077947
Send the entries with your
Name &Class
"One best book is equal to
hundred good friends"
ONLY FOR AIWAC STUDENTS
ANVARUL ISLAM WOMEN'S ARABIC
COLLEGE, MONGAM


26
JUNE
LIFE DOES NOT REWIND
SAY NO TO
DRUGS
_Shadiya Ashraf
(D3 Afzal ul Ulama)
INTERNATIONAL DAY AGAINST DRUG ABUSE AND ILLICIT TRAFFICKING
SHARE FACTS ON DRUGS
SAVE LIVES

# 26th June
international day against
# Drug Abuse

## പരിഹാരം ലഹരിയല്ല❗

**SAy NO TO DRUGS**



_Rana Jasmin
(D3 Afzal ul Ulama)


O you who believe!!
Intoxicants (all kinds of alcoholic drinks ) gumbling, Idolatry and diving arrows are an abomination o satan's Handiwork, so avoid that soi that you may be SUCCESSFUL!!




Stop Drug's
Be a
Not a
s is dangerous for health


Drugs Ruin Life


the more you USE the less you LIVE
DRUGS aren't COOL it makes you FOOLS
THROW IT OUT BEFORE IT THROWS YOU OUT


INTERNATIONAL ANTI-DRUG DAY
Put it out before it puts you out


THE FIRST GLANCE DRUGS SEEM


ജൂൺ 26
സ്വന്തം ജീവിതം കാർന്നുതിന്നുന്ന
നമ്മുക്ക് വേണ്ട
ചിന്തിക്കൂ.....
പ്രവർത്തിക്കൂ......
നല്ലൊരു വ്യക്തിയേയും
നിർമ്മിക്കൂ.
വിട പറയാം....
ഹത്തിന്റെയും ലഹരി നുകരാം.


JUNE 26
International day against
Drug Abuse
e more you Use
e less you live


ലഹരി വിരുദ്ധ ദിനം
വെടിയണം ലഹരി
വിടരണം നന്മ!
കുടിച്ച് മദിച്ച്, പുകച്ച് പുകഞ്ഞ്
മൃത്യുയിലേക്കണയല്ലെ മർത്യാ...


ദ്യപാനം
പരലോകത്തേക്കുള്ള
ജൂൺ
26


No one is You
That is your Power
Photography : Jannathunnoor P2


LEZEN-21
2
1 WEEK SPECIAL VERTUAL COMPETITIONS
AIWA COLLEGE LIBRARY
PHOTOGRAPHY
വിഷയം: വായന
TIME:10 AM TO 10 PM
Whatsapp number: +91 7561077947
Send the entries with your
Name &Class
"Books are a uniquely portable magic"
ONLY FOR AIWAC STUDENTS
ANVARUL ISLAM WOMEN'S ARABIC
COLLEGE, MONGAM


Photography :
Najla PT
D3 Functional Arabic


Photography :
Irfana Shireen K
D3 Afzal ul Ulama


الصحافة




READ MORE,
GROW MORE
June 19
National Reading Day

# LEZEN-21

6

1 WEEK SPECIAL VERTUAL COMPETITIONS
**AIWA COLLEGE LIBRARY**

## CAPTION WRITING

ചിത്രത്തിന് അനുയോജ്യമായ
അടിക്കുറിപ്പ് തയ്യാറാക്കുക

രണ്ടു വരിയിൽ കവിയരുത്

TIME:10 AM TO 10 PM

Whatsapp number: +91 7561077947
Send the entries with your
Name &Class



*"One good friend is equal to a library"*

**ONLY FOR AIWAC STUDENTS**

ANVARUL ISLAM WOMEN'S ARABIC COLLEGE, MONGAM

# Caption Writing Competition

## On International Day Against Drug Abuse

## June 26

# Winners

1. " Your health is in your hands.
You choose, a hand of survival
or a hand of smokes."

_ Shahna T P
(D1 Economics)

2. " What you consume is
consuming you."

_ Hana Shirin T K
P2




LEZEN-21
7
1 WEEK SPECIAL VIRTUAL COMPETITIONS
AIWA COLLEGE LIBRARY
NEWS MAKING
നിങ്ങളുടെ പ്രദേശത്ത് നടന്ന ഒരു
സംഭവത്തെ വാർത്ത രൂപത്തിൽ
തയ്യാറാക്കുക
ഓഡിയോ/വീഡിയോ ആയി അയക്കുക
TIME:10 AM TO 10 PM
Whatsapp number: +91 7561077947
Send the entries with your
Name &Class
FINAL
PROGRAMME
"Once you learn to read
You will be forever free"
ONLY FOR AIWAC STUDENTS
ANVARUL ISLAM WOMEN'S ARABIC
COLLEGE, MONGAM












30
acer
Log in to your account

# LEZEN-21

**1 WEEK SPECIAL VIRTUAL COMPETITIONS**

AIWA COLLEGE LIBRARY

## HAIKU

1.Husna K (BAE 2nd)
2.Rasilath K (MA 2nd)

## PHOTOGRAPHY

1.Najla PT (BA FA 3rd)
2.Irfana Shireen K (BA AU 3rd)

## NEWS READING

1.Suha C (BA A/U 3rd)
2.Fathima Fahmi(MA 2nd)

## CAPTION

1.Shahna TP (BAE 2nd)
2.Hana Shirin (P2)

## BOOK REVIEW

1.Asiya Hamda (MA 2nd)
2.Fasla Sherin( BA FA 2nd)

## NEWS MAKING

1.Fathima Fahmi(MA 2nd)
2.Rana Jasmin (BA AU 3rd)

## E POSTER

1.Shadiya Ashraf
2.Rana Jasmin (BA AU 3rd )

*Congratulations*

ANVARUL ISLAM WOMEN'S ARABIC COLLEGE, MONGAM

AIWAC Library

# LEzEn 21

1 Week Special Virtual Competitions

## 🎉Overall Champions🎉

**Asiya Hamda**

(PG 2nd Sem)

**Hana Sherin**

(P2)



Congratulations...

**Anvarul Islam Women's Arabic College-Mongam**



# انفراد أمّنا

متى سكتِّ يا دار العلم؟
أيا، هل تشعرين بالملل؟
أشعرت عزلتك شأنا عجيبا لك؟
لأنك كنت منوّرة،
مزيّنة بأنوار النساء وعلماء الأمّة!
لا تحزني يا أمّاه...
بل انتظري بلقائي بك،
لأنّي كطفل، جوعان لحبّك،
عطشان لعلمك،
وفقدان لحضنك.


_محبوبة كبرا كادن
بكالوريوس لأفضل العلماء (السنة الثالثة)



അക്ഷരങ്ങൾ കൊണ്ട്
പൂക്കൾ വിരിയിച്ചവർക്കും .....
സൗഹൃദത്തിന്റെ മരത്തണലിൽ ഇരുന്ന്
ഈയൊരു സ്വപ്നം യാഥാർഥ്യമാക്കാൻ
കൈകോർത്ത് നിന്നവർക്കും...
കൈപിടിച്ചുയർത്തിയ പ്രിയ ഗുരുനാഥന്മാർക്കും...
പ്രാർത്ഥിച്ചവർക്കും....
പ്രവർത്തിച്ചവർക്കും....
ഒരായിരം നന്ദി...


Thanks
for being the rays of sunshine even
in this pandemic darkest days